No. of Printed Pages : 5 **BMYLA-135**

# B.A. GENERAL (BAG)

# Term-End Examination

# June, 2026

## BMYLA-135: MODERN INDIAN LANGUAGE : MALAYALAM

*Duration : 3 Hours* *Maximum Marks: 100*

പ്രിൻറ് ചെയ്ത പേജുകളുടെ എണ്ണം: 5 **BMYLA-135**

# ബി. എ. ജനറല് (BAG)

# ടേം-അവസാന പരീക്ഷ

# ജൂണ് - 2026

## BMYLA-135: മോഡേണ് ഇന്ത്യന് ലാംഗേജ്: മലയാളം.

*സമയം: 3 മണിക്കൂർ* പരമാവധി മാർക്ക്*: 100*

---

സൂചനകൾ:

1. എല്ലാ ചോദ്യങ്ങൾക്കുംനിർദേശാനുസരണം ഉത്തരമെഴുതുക.
2. വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക.

---

I. താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 10x2=20

1. മലയാള ഭാഷയുടെ ഉൽപ്പത്തിയുമായി ബന്ധപ്പെട്ട ഉപശാഖാ വാദത്തിന്റെ പ്രധാന വക്താക്കൾ ആരെല്ലാം?

2. മിഷനറിഗദ്യം ഒന്നാം ഘട്ടത്തിലെ മൂന്ന് മുഖ്യ കൃതികൾ ഏവ?

3. മലയാളം അച്ചടിയുടെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?

4. പ്രാചീന കാലത്ത് കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന രണ്ടുതരം ലിപികൾ ഏതെല്ലാമാണ്?

5. വള്ളത്തോളും ഉള്ളൂരും രചിച്ച മഹാകാവ്യങ്ങളുടെ പേരെഴുതുക

6. പോത്തേരികുഞ്ഞമ്പു രചിച്ച 'സരസ്വതീ വിജയം' എന്ന നോവലിന്റെ ചരിത്ര പ്രാധാന്യമെന്ത്?

7. നാമങ്ങളോട് ചേരുന്ന പ്രത്യയങ്ങൾ ഏതെല്ലാമാണ്?

8. "എനിക്ക് ഒരു വകയായും ഭ്രാന്ത് ഇതുവരെ ഒന്നും ഉണ്ടായിട്ടില്ല"-ആര്, ആരോട് പറഞ്ഞതാണിത്?

9. 'സബർമതിദൂരെയാണ്' എന്ന നാടകത്തിലെ സബർമതി, നവഖലി എന്നീ സ്ഥലനാമങ്ങൾ എന്തിന്റെയെല്ലാം പ്രതീകങ്ങളാണ്?

10. 'ശ്ലോകത്തിൽ കഴിക്കുക' എന്ന ശൈലിയുടെ അർത്ഥമെന്ത്?

II. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4×5=20

11. പാട്ടിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക

12. ലീലാതിലകം -കുറിപ്പെഴുതുക

13. വാചകവും ദ്യോതകവും തമ്മിലുള്ള വ്യത്യാസമെന്ത്?

14. പില്ക്കാലം, കാറ്റാടി -പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക

15. "പിറകിൽ വെച്ചാൽ കത്തി-ക്കരിയും പാവം കിഡ്നി"- ഏത് കവിതയിലെ വരികൾ?സൂചിതമെന്ത്?

16. മാർഗ്ഗംകളിയെക്കുറിച്ച്ലഘുവിവരണം എഴുതുക.

17. ശാസ്ത്രം പാശ്ചാത്യ രാജ്യക്കാരുടെ പൈതൃകമാണെന്നു ധരിക്കരുതെന്ന് പറയുന്നതിന്റെ കാരണമെന്ത്?

III. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x8=32

18. മലയാളത്തിലെ ചമ്പൂ പ്രസ്ഥാനത്തെക്കുറിച്ച് വിവരണക്കുറിപ്പ് തയ്യാറാക്കുക.

19. പ്രാസവാദംഎന്നാൽ എന്ത്? അതിന്റെ ചരിത്രം ചുരുക്കി പ്രതിപാദിക്കുക.

20. വിവർത്തകനുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ എന്തെല്ലാമാണ്?

21. നളചരിതം ആട്ടക്കഥയിലെ കലി -പുഷ്കര സംവാദം സംക്ഷേപിക്കുക

22. ആരോമൽ ചേകവരുടെ അന്ത്യം 'ഒരു വടക്കൻ വീരഗാഥ' യിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

23. മണ്ണാപ്പേടി, പുലപ്പേടി എന്നീ ആചാരങ്ങളെക്കുറിച്ച് വിവരിക്കുക?

IV. താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഉപന്യാസം രൂപത്തിൽ). 2x10=20

24. കുരുക്ഷേത്ര യുദ്ധഭൂമിയിൽ ഗാന്ധാരി കണ്ട കാഴ്ചകൾ വിവരിക്കുക.

25. ഉത്തമൻ എന്ന കഥാപാത്രത്തിന്റെ ചിത്രീകരണത്തിൽ എം. മുകുന്ദൻ എത്രത്തോളം വൈഭവം പ്രകടിപ്പിക്കുന്നുണ്ടെന്ന് വിലയിരുത്തുക.

26. ടി. പത്മനാഭന്റെ കഥകൾ ഭാവഗീതം പോലെ ഹൃദയദ്രവീകരണക്ഷമമാണ്- 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' എന്ന കഥയെ മുൻനിർത്തിസമർത്ഥിക്കുക.

27. കേരളത്തിലെ നാടോടി കലാപാരമ്പര്യത്തെക്കുറിച്ച് ഉപന്യസിക്കുക.

V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക. 1x8=8

28. The term globalisation encompasses a number of things, including economics, culture, politics, technology and communication.